**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1687

06/03/2017 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.ഡി.കെ.മുരളി

**ഉത്തരം**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്. |

**1. സംഘടനാ ശാക്തീകരണം**

- സംഘടനസംവിധാനത്തെ സമയ ബന്ധിതമായി നവീകരിക്കുക എന്ന ലക്ഷ്യത്തോടെ 'ദിശ' ക്യാമ്പെയിന് തുടക്കം കുറിച്ചു. ദിശ ക്യാമ്പെയിന്റെ ഭാഗമായി പുതുതായി 7125 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
- അയൽക്കൂട്ട സ്വയം വിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി 2,32,272 അയൽക്കൂട്ടങ്ങൾ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും സ്വയംവിലയിരുത്തൽ നടത്തുകയും ചെയ്തു.
- വയോജന അയൽക്കൂട്ടം 1678, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ 513. എസ്.സി. 941, എസ്.റ്റി. 141, ന്യൂനപക്ഷം 446. തീരദേശം 192, ട്രാൻസ് ജെൻഡർ 5. അന്യസംസ്ഥാന തൊഴിലാളികൾ 3, വിധവകൾ 37 എന്നിങ്ങനെ പുതുതായി 3956 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
- സി.ഡി.എസിലെ ഭാരവാഹികൾക്ക് 3 ദിവസത്തെ നേതൃത്വപാടവ സംഘടനാ ശാക്തീകരണ പരിശീലനം സംഘടിപ്പിച്ചു.
- പൊലിവ് കാർഷിക പുനരാവിഷ്കരണ ക്യാമ്പെയൻ സംഘടിപ്പിച്ചു.
- സംരംഭങ്ങൾക്ക് പലിശ സബ്സിഡി (4%) സ്കീം നടപ്പിൽ വരുത്തി.
- ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ശബരിമല പാതയോരത്ത് 7 കഫേ കിയോസ്കുകൾ സ്ഥാപിച്ചു.
- സതേൺ റെയിൽവെയുമായി സഹകരിച്ച് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 'ജൻ ആഹാർ' വെജിറ്റേറിയൻ ഭക്ഷണശാല ആരംഭിച്ചു.

- എസ്.വി.ഇ.പി (Start up Village Entrepreneurship Programme) പദ്ധതി എറണാകുളം ജില്ലയിലെ വടുവക്കോട് ബ്ലോക്കിലും പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിലും ആരംഭിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അംഗീകാരം വാങ്ങി.
- കുടുംബശ്രീക്കു കീഴിലുള്ള വിവിധ അപ്പാരൽ/ചെറുകിട യൂണിറ്റുകൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്ന് തയ്യൽ സംബന്ധമായ വർക്കുകൾ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.
- കുടുംബശ്രീയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും സംയുക്തമായി ഒരു ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ കൊച്ചിയിൽ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.
- വയനാട് ജില്ല ഒഴികെയുള്ള മറ്റു ജില്ലകളിലെ കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾക്ക് ആദ്യഘട്ട പരിശീലനം നൽകുകയുണ്ടായി.
- തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 389 പേർക്ക് പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകി.
- വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പട്ടികവർഗ മേഖലയിലെ സമഗ്ര വികസനത്തിനായി 6 ജില്ലകളിൽ 'ഊരിൽ ഒരു ദിനം ' പരിപാടി സംഘടിപ്പിച്ചു.
- പത്താംക്ലാസിനു മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ മേഖലയിലെ 225 ആളുകളെ കമ്മ്യൂണിറ്റി ആർ.പിമാരായി ഉപയോഗിച്ച് ആദിവാസി മേഖലയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- ആദിവാസി മേഖലയിലെ കൗമാരക്കാർക്കു വേണ്ടിയുള്ള 44 കൗമാര ക്ലബ്ബുകൾ രൂപീകരിച്ചു.
- കേരളത്തിലെ എല്ലാ ജില്ലകളിലെയും ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സർഗവാസന പ്രകടമാക്കുന്നതിനായി സംസ്ഥാനതലത്തിൽ കുടുംബശ്രീ ബഡ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു.
- **വൾണറബിലിറ്റി മാപ്പിംഗ്:** ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളെയും, മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പ്രശ്നങ്ങളെയും രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനത്തിന് വൾണറബിലിറ്റി മാപ്പിംഗ് എന്ന പേരിൽ തദ്ദേസശ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി തുടക്കമിടുന്നു.
- **പഠനയാത്ര:** പതിനാല് ജില്ലകളിലേയും കുടുംബശ്രീ അംഗങ്ങൾ അവരവരുടെ ജില്ലയുടെ

ചരിത്രപ്രധാന്യവും പ്രകൃതിയെയും തിരിച്ചറിയുന്നതിനായി അതത് ജില്ലയിലെ നിശ്ചിത ഇടങ്ങളിലേക്ക് യാത്ര നടത്തുന്നു.

- **ആർട്ട് ക്യാമ്പ്:** "വരയുടെ പെണ്മ" എന്ന പേരിൽ കൊച്ചി മുസിരിസ് ബിനാലെയുടേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ആർട്ട് ഫെസ്റ്റിവലും പരിശീലന കളരിയും സംഘടിപ്പിച്ചു.
- **കമ്മ്യൂണിറ്റി കൗൺസിലിംഗ്:** കൗൺസിലിംഗ് രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ടീം നാല് ദിവസം കുടുംബശ്രീ അംഗങ്ങളും കൗൺസിലിംഗ് മേഖലയിൽ മുൻപരിചയമുള്ളവരുമായ വനിതകൾക്ക് പ രിശീലനം നൽകി 320 പേർ ഉൾപ്പെടുന്ന കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ടീം രൂപീകരിച്ചു.
- 14 നഗരസഭകളിൽ ആരംഭിച്ച ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി 2017 നവംബർ ഒന്നാം തീയതി മുതൽ കേരളത്തിലെ എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിച്ചു.
- പി.എം.എ.വൈ (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതി കേരളത്തിലെ എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിച്ചു.
- നൈപുണ്യ പരിശീലനം നൽകിയ ഗുണഭോക്താക്കളുടെ ഒരു സംഘം രൂപീകരിച്ച് തിരുവനന്തപുരം ആർ.സി.സിയിൽ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സേവനങ്ങൾ നൽകിവരുന്നു.
- ഡി.ഡി.യു.ജി.കെ.വൈ (ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന) പദ്ധതിയുടെ ഭാഗമായി 7433 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയും അതിൽ 5680 വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (ബി) | കുടുംബശ്രീക്ക് സമാനമായ മറ്റേതെങ്കിലും ഏജൻസികൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ കുറിച്ച് വിശദീകരിക്കാമോ? | (ബി) | ഉണ്ട്. കുടുംബശ്രീക്ക് സമാനമായി സർക്കാർ സംവിധാനത്തിന്റെ നിയന്ത്രണത്തിലല്ലാത്ത ജനശ്രീയും വിവിധ എൻ.ജി.ഒകൾ നടത്തുന്ന സ്വയംസഹായ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയുടെ പ്രധാന പ്രവർത്തന മേഖലകളായ മൈക്രോ ഫിനാൻസ് പ്രവർത്തനം പ്രസ്തുത എൻ.ജി.ഒ.കൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ